കൈത്തറി മേഖലയിൽ ഉൽപാദന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ചേണ് വൈന്റിംഗ് മെഷീൻ, ബോബിംഗ് വൈന്റിംഗ് മിഷ്യൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഗുണനിലവാരം, വിദേശവിപണി എന്നിവ ലക്ഷ്യമാക്കി വിവിധതരത്തിലുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരകൗശല മേഖലയിൽ ഉൽപാദനചെലവ് കുറയ്ക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഒരു പദ്ധതി നിലവിലുണ്ട്. കേന്ദ്ര കരകൗശല കമ്മീഷണറേറ്റിന്റെ അഗർത്തലയിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ യുവ കരകൗശല കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

(സി) കയറും കയറുല്പന്നങ്ങളുടെയും വിപണികളെക്കുറിച്ച് പഠനം നടത്തുന്നതിനായി അനുമതി തേടിയിരിക്കുകയാണ്. ഉല്പന്നങ്ങളുടെ നിർമ്മാണം, ഗവേഷണം, വിപണനം, വികസനം എന്നിവയ്ക്കായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ടെക്സ്റ്റയിൽ കമ്മിറ്റി കേരളത്തിലെ കൈത്തറി വ്യവസായ രംഗത്ത് വരുത്തേണ്ട പരിപാടികളെ സംബന്ധിച്ച് പഠനം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകിവരുന്നു. കരകൗശല ഉല്പന്നങ്ങളുടെ വില കുറയ്ക്കത്തക്ക രീതിയിലുള്ള ഉല്പാദന ടെക്നിക്കുകൾ സ്വീകരിക്കാനും ഗുണ നിലവാരം അന്താരാഷ്ട്ര മാർക്കറ്റിൽ മൽസരിക്കത്തക്ക വിധത്തിലാക്കാനും UNDP പദ്ധതി പ്രയോജനപ്പെടുത്തുവാനും, അഗർത്തലയിലുള്ള കരകൗശല ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ യുവ കലാകാരന്മാർക്ക് വിദഗ്ധ പരിശീലനവും നൽകിവരുന്നു.

എം. ജി. പി. യുടെ ഭാഗമായി പരമ്പരാഗത വ്യവസായ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എഫ്. ഫെർഗുസൺ ആന്റ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമീണ-ചെറുകിട-പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പ്

41 [1246] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ-ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, എന്നിവയുടെ നിലനിൽപ്പ്, വളർച്ച, വികാസം എന്നിവ ലക്ഷ്യമാക്കി കൊണ്ട് 2001 മേയ് മാസം മുതൽ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികളും ഈ പദ്ധതികൾക്കുവേണ്ടി നാളിതുവരെ ഉണ്ടായ പദ്ധതിചെലവും എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികൾക്കുവേണ്ടി 1996 മേയ് മാസം മുതൽ 2001 ഏപ്രിൽ മാസം വരെ ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഗ്രാമീണ-ചെറുകിട വ്യവസായ മേഖലയേയും പരമ്പരാഗത വ്യവസായ മേഖലയേയും സംരക്ഷിച്ചു നിലനിർത്തുന്നതിന് ഏതെങ്കിലും ബഹുമുഖമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

2/2312/12

LIBRARY ARCHIVES Kerala Legislative Assembly